പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .T5478 — 01.07.2014 ൽ മറുപടിക്ക്

**ഇ-ഗവേണൻസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. മുരളീധരൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇ-ഗവേണൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;<br>(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ; | (എ) & (ബി) വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തി സർക്കാർ സേവനങ്ങൾ പൊതു ജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമവുമാകുന്നതിനും വിവിധ സർക്കാർ സേവനങ്ങൾ ഇലക്ട്രോണിക്കായും ഡിജിറ്റലായും കൈകാര്യം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ വിവിധ ഇ-ഗവേണൻസ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. |
| (സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ സ്റ്റേറ്റ് ഡാറ്റാ സെൻറർ (SDC), കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN), സെക് വാൻ (SECWAN), വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിവരുന്നു. സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ആവിഷ്കരിച്ച ഇ-ഡിസ്ട്രിക്ട്, ഇ-പ്രൊക്യൂർമെന്റ്, എം.ഗവേണൻസ്, ഇ-പേയ്മെന്റ് ഗേറ്റ് വേ, സർവീസ് പ്ലസ്, ഇ-ഓഫീസ്, സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ (SSDG) ഉൾപ്പെടെയുള്ള നിരവധി പദ്ധതികളും പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഇതിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഫ്രെണ്ട്സ്, അക്ഷയ, സിറ്റിസൺ കോൾ സെന്റർ എന്നീ സേവനോൻമുഖ സംരംഭങ്ങൾ ഇ-ഗവേണൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ? | (ഡി) കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ, എൻ.ഐ.സി (NIC), എസ്.ഇ.എം.ടി (SeMT) തുടങ്ങിയ ഏജൻസികളുടെ സഹകരണത്തോടെയാണ് ഇ ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ